വയ്ക്ക് ഏൽപ്പിക്കുന്നുണ്ട്. കൂടാതെ പ്രൈവറ്റ് പ്രസ്സുകളിലും അച്ചടി ഏൽപ്പിക്കുന്നുണ്ട്. അച്ചടിച്ച പാഠപുസ്തകങ്ങൾ ഡിപ്പാർട്ടുമെന്റൽ വാഹനങ്ങളും പ്രൈവറ്റ് വാഹനങ്ങളും ഉപയോഗിച്ച് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

9 *(95) മത്സ്യബന്ധന തുറമുഖങ്ങൾ

ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനമാണ് ഉടനടി ആരംഭിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം ആരംഭിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണ ചെലവിനായി കേന്ദ്രഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഓരോ നിർമ്മാണപ്രവർത്തനത്തിനും പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിർമ്മാണം ആരംഭിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളിൽ ആധുനിക ഫിഷിംഗ് ഹാർബറിന് ആവശ്യമായ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുകൂല സീസണിൽ അധികമായി ലഭ്യമാകുന്ന മത്സ്യസമ്പത്ത് സംസ്കരിക്കുവാനും വിപണനം നടത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളിൽ ഏതു പ്രതികൂലാവസ്ഥയിലും മത്സ്യബന്ധനം നടത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താനുദ്ദേശമുണ്ടോ; എങ്കിൽ എന്തു സംവിധാനമെന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മുതലപ്പൊഴി, പൊന്നാനി, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ.

(ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 5 വർഷത്തിനുള്ളിലും പൊന്നാനി, തലായി എന്നിവയുടേത് 4 വർഷത്തിനുള്ളിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അടങ്കൽ തുകയുടെ 50% കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നുണ്ട്; ഓരോ നിർമ്മാണപ്രവർത്തനത്തിനും പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം താഴെ കൊടുത്തിരിക്കുന്നു.

മുതലപ്പൊഴി	-	730 ലക്ഷം രൂപ
പൊന്നാനി	-	1485 ലക്ഷം രൂപ
തലായി	-	685 ലക്ഷം രൂപ

(ഡി) പുലിമുട്ടുകൾ, ജെട്ടി, വിപണനത്തിനാവശ്യമായ മേല്പുര, മത്സ്യ ബന്ധന സൗകര്യങ്ങൾ, ജലവിതരണം, വൈദ്യുതീകരണം, ഡ്രൈനേജ് സൗകര്യം എന്നിവയാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ഫിഷ്മാർക്കറ്റിംഗ് ശക്തിപ്പെടുത്താൻ നടപടിയെടുത്തുവരുന്നു.

(എഫ്) ഉണ്ട്. ഏതുപ്രതികൂലാവസ്ഥയിലും സുഗമമായി മത്സ്യ ബന്ധനം നടത്തുന്നതിനായി പുലിമുട്ടുകൾ നിർമ്മിക്കാനും തദ്ദാരശാന്തമായ കടൽപ്പരപ്പും സുരക്ഷിതമായി അടുക്കുവാനുള്ള അപ്രോച്ച് ചാനലും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

10 (*96) രജിസ്ട്രേഷൻ വകുപ്പ് പുന:സംഘടന

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. പി. വിശ്വൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പ് കുറ്റമറ്റ രീതിയിലും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിനുവേണ്ടി പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് വിജിലൻസിന്റെ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സബ്രജിസ്ട്രാർ ആഫീസുകളിൽ ആധാരമെഴുത്തുകാർ ഉൾപ്പെടെ ഇടനിലക്കാരുടെ പ്രവർത്തനം ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഭാഗികമായി കമ്പ്യൂട്ടർവത്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു. കമ്പ്യൂട്ടർവത്ക്കരണത്തോടെ വകുപ്പിന്റെ പ്രവർത്തനം ത്വരിതപ്പെടുന്നതാണ്. സർട്ടിഫിക്കറ്റുകളും മറ്റും കാലതാമസം കൂടാതെ കക്ഷികൾക്ക് ലഭ്യമാക്കാൻ കഴിയുന്നതാണ്. പുന:സംഘടന തല്ക്കാലം പരിഗണനയിലില്ല.

(ബി) സബ് രജിസ്ട്രാർ ആഫീസുകളിൽ വിജിലൻസ് പ്രവർത്തനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിലെ ജോയന്റ് ഐ.ജി.

LIBRARY ARCHIVES Kerala Legislative Assembly